DES

E 27067

EB

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് - ഡി.ഇ.എസ് - ജീവനക്കാര്യം - സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ശ്രീ.പി.ഡി.സന്തോഷ്കുമാർ, ശ്രീ.കെ.വിമലൻ എന്നീ ജോയിന്റ് ഡയറക്ടർമാർക്ക് സീനിയർ ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് ഗ്രേഡ് പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണസാമ്പത്തികകാര്യ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.444/2020/പ്ലാനിംഗ് തീയതി,തിരുവനന്തപുരം, 23/11/2020

---

DIRECTORATE OF ECONOMICS & STAT... 24 NOV THIRUVANANTHAPURAM

പരാമർശം:- 1 സഉ(പി)നം.3000/98/ഫിൻ തീയതി 25/11/1998

2 സഉ(പി)നം.145/2006/ഫിൻ തീയതി 25/03/2006

3 സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ സമർപ്പിച്ച 02/09/2020 തീയതിയിലെ ഡിഇഎസ്/ 2276/2020/ ഇബി(1) നമ്പർ കത്ത്.

ഉത്തരവ്

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ രണ്ടു ജോയിന്റ് ഡയറക്ടർ തസ്തികകൾ പരാമർശം 1 പ്രകാരം ഹയർ ഗ്രേഡ് തസ്തികകളായി ഉയർത്തിയും, പരാമർശം 2 പ്രകാരം പ്രസ്തുത തസ്തികകൾ സീനിയർ ജോയിന്റ് ഡയറക്ടർ എന്ന് പുനർനാമകരണം ചെയ്തും ഉത്തരവായിട്ടുള്ളതാണെന്നും പ്രസ്തുത തസ്തികകളിൽ ജോലി ചെയ്തിരുന്ന ശ്രീ.കെ.ദാമോദരൻ, ശ്രീമതി.സി.എസ്.ലതാകുമാരി എന്നിവർക്ക് അഡിഷണൽ ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും അത് പ്രകാരം ശ്രീ.കെ.ദാമോദരൻ 27/07/2020 അപരാഹ്നവും ശ്രീമതി.ലതാകുമാരി.സി.എസ് 20/08/2020 പൂർവാഹ്നവും സീനിയർ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിന്ന് വിടുതൽ ചെയ്തിട്ടുള്ളതാണെന്നും ആയതിനാൽ സീനിയർ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിലവിൽ വന്ന ടി രണ്ട് ഒഴിവുകളിലേക്ക് ജോയിന്റ് ഡയറക്ടർ കേഡറിൽ സീനിയർ ആയിട്ടുള്ള ശ്രീ.പി.ഡി.സന്തോഷ്കുമാർ, ശ്രീ.കെ.വിമലൻ എന്നീ ജോയിന്റ് ഡയറക്ടർമാർക്ക് യഥാക്രമം 28/07/2020, 20/08/2020 തീയതികൾ പ്രാബല്യത്തിൽ ₹ 77400-115200 രൂപ ശമ്പള സ്കെയിലിൽ സീനിയർ ജോയിന്റ് ഡയറക്ടർ ആയി ഗ്രേഡ് പ്രൊമോഷൻ നൽകി ഉത്തരവാകുന്നതിന് സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ സീനിയർ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിലവിൽ ഒഴിവുള്ളതിനാലും , ജോയിന്റ് ഡയറക്ടർ കേഡറിൽ സീനിയർ ആയിട്ടുള്ള ശ്രീ . പി . ഡി . സന്തോഷ്കുമാർ , ശ്രീ . കെ . വിമലൻ എന്നിവർ ജോയിന്റ് ഡയറക്ടർ തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചതിനാലും ശ്രീ.പി.ഡി.സന്തോഷ്കുമാർ, ശ്രീ.കെ.വിമലൻ എന്നീ ജോയിന്റ് ഡയറക്ടർമാർക്ക് യഥാക്രമം 28/07/2020, 20/08/2020 തീയതികൾ പ്രാബല്യത്തിൽ ₹ 77400-115200 രൂപ ശമ്പള സ്കെയിലിൽ സീനിയർ ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് ഗ്രേഡ് പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.